REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 11-07-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ത്യയും ന്യൂസിലൻഡും അഞ്ച് ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചു.**
- **രാജ്യം ഭാവി സജ്ജമായ പ്രതിരോധ സേനയെ കെട്ടിപ്പടുക്കുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.**
- **ആരോഗ്യവകുപ്പിന്റെ 50 ദിവസത്തെ പ്രോഗ്രസ് റിപ്പോർട്ട് തിരുവനന്തപുരത്ത് പുറത്തിറക്കി.**
- **ശബരിമലയിൽ ചീഫ് പൊലീസ് കോർഡിനേറ്ററായി ADGP പി.വിജയനെ നിയോഗിച്ചു.**
- **ഫിഫ ലോകകപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ നാളെ നോർവേ ഇംഗ്ലണ്ടിനെയും അർജന്റീന സ്വിറ്റ്സർലന്റിനെയും നേരിടും.**

## വാർത്തകൾ വിശദമായി

പ്രതിരോധം, മൃഗസംരക്ഷണം, ക്ഷീരവികസനം, ടൂറിസം, കായികം, ദുരന്തനിവാരണം എന്നിവ ഉൾപ്പെടുന്ന അഞ്ച് പ്രധാന ധാരണാപത്രങ്ങളിൽ ഇന്ത്യയും ന്യൂസിലൻഡും ഒപ്പുവച്ചു. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ന്യൂസിലാന്റിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും ഓക്ക്ലൻഡിലെ പ്രതിനിധിതല ചർച്ചകൾക്ക് ശേഷമാണ് കരാറുകളിൽ ഒപ്പുവച്ചത്.

ഇന്തോ-പസഫിക് മേഖലയിലെ സമുദ്ര സഹകരണവും സുരക്ഷയും ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് രാജ്യരക്ഷാ മന്ത്രാലയവും ന്യൂസിലൻഡ് പ്രതിരോധ സേനയും തമ്മിൽ ധാരണാപത്രത്തിലും ഒപ്പുവച്ചു.

ന്യൂസിലാന്റിലെ ബിസിനസ് -കായിക രംഗത്തെ പ്രമുഖരുമായി നരേന്ദ്രമോദി ആശയ വിനിമയം നടത്തും. ഇരു രാജ്യങ്ങൾക്കുമിടയിൽ നിലനിൽക്കുന്ന ജനങ്ങളുടെ ശക്തമായ ബന്ധത്തിന്റെ ഭാഗമായി ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

✪✪✪

പരമ്പരാഗത പ്രതിരോധ ശേഷികളും നൂതന സാങ്കേതികവിദ്യകളും ശക്തിപ്പെടുത്തുന്നതിലൂടെ രാജ്യം ശക്തവും സ്വാശ്രയവും ഭാവി സജ്ജവുമായ പ്രതിരോധ സേനയെ കെട്ടിപ്പടുക്കുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. നാവികസേന തദ്ദേശീയമായി നിർമ്മിച്ച യുദ്ധക്കപ്പൽ 'മഹേന്ദ്രഗിരി' ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യുന്ന ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാങ്കേതികവിദ്യയും പരമ്പരാഗത സൈനിക ശക്തിയും പരസ്പരം പൂരകമാണെന്നും ആത്മനിർഭർ ഭാരത് എന്ന ദർശനത്തിന് കീഴിൽ മികവ് പുലർത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 20 ന് ആരംഭിച്ച് ഓഗസ്റ്റ് 13 വരെ തുടരും. വർഷകാല സമ്മേളനത്തിന് ഒരുക്കങ്ങൾ പാർലമെന്ററി കാര്യ സഹമന്ത്രി അർജുൻ റാം മെഘ്‌വാളും കേന്ദ്രസഹമന്ത്രി എൽ. മുരുകനും വിലയിരുത്തി.

✪✪✪

2025 ലെ ട്രാൻസ്ഫോർമിംഗ് ഇന്ത്യ ശാന്തി ആക്ട് നടപ്പാക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യാൻ പങ്കാളികളുടെ യോഗം നിതി ആയോഗ് ന്യൂഡൽഹിയിൽ വിളിച്ചു ചേർത്തു. നയരൂപകർത്താക്കൾ, ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായം തുടങ്ങിയ മേഖലകളിലെ വിദഗ്ദ്ധർ പങ്കെടുത്തു.

2047-ഓടെ 100 ജിഗാവാട്ട് ശേഷി കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയുടെ ആണവോർജ്ജ ചട്ടക്കൂടിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുന്ന നിയമമാണ് 'ശാന്തി ആക്റ്റ് 2025'

✪✪✪

സംസ്ഥാന ആരോഗ്യവകുപ്പിന്റെ പ്രോഗ്രസ് റിപ്പോർട്ട് തിരുവനന്തപുരത്ത് പുറത്തിറക്കി. 50 ദിവസത്തിനിടെ ചെയ്ത കാര്യങ്ങളും സ്വീകരിച്ച നടപടികളും തീരുമാനങ്ങളും ഉൾക്കൊള്ളുന്ന റിപ്പോർട്ട് മന്ത്രി K.മുരളീധരനാണ്

പുറത്തിറക്കിയത്. ചടങ്ങിൽ V  മുരളീധരൻ MLA  അദ്ധ്യക്ഷനായിരുന്നു.  ശശി തരൂർ MP, മേയർ VV രാജേഷ് എന്നിവർ മുഖ്യാതിഥികളായി.

✪✪✪

വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുകയാണെന്ന് മന്ത്രി സണ്ണി ജോസഫ് പറഞ്ഞു. കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എജുക്കേഷണൽ എംപവർമെന്റ് ആൻഡ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സിൽവർ ജൂബിലി ആഘോഷവും, ഹെഡ് ഓഫീസ് കെട്ടിടവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആരോഗ്യ വിദ്യാഭ്യാസ കാർഷിക രംഗത്ത് സഹകരണ മേഖല വൻ മുന്നേറ്റമാണ് ഉണ്ടാക്കിയതെന്ന്   സണ്ണി ജോസഫ്  കണ്ണൂരിൽ അറിയിച്ചു.

✪✪✪

ഈ വർഷം മുതൽ ശബരിമലയിലെ മുഴുവൻ സംവി ധാനങ്ങളും  പൂർണമായും ഡിജിറ്റൽവൽക്കരിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ അറിയിച്ചു.   അയ്യപ്പന് പ്രത്യേക പബ്ലിസിറ്റിയുടെ ആവശ്യമില്ലെന്നും,  ഇനി മുതൽ 'അയ്യപ്പ സംഗമം' ഉണ്ടാകില്ലെന്നും അദ്ദേഹം തിരുവനന്ത പുരത്ത് പറഞ്ഞു.

സന്നിധാനത്തെ 550 മുറികൾ ഇനി മുതൽ ഭക്തർക്കായി ഓൺലൈൻ വഴി ലഭ്യമാക്കും. മുറികൾ ബുക്ക് ചെയ്യുന്നതിന് ഡെപ്പോസിറ്റ് തുക പൂർണമായും ഒഴിവാക്കിയതായും, വാടക മുൻകൂറായി നൽകി,  50 രൂപ സർവീസ് ചാർജ് ഈടാക്കി ഭക്തർക്ക്   ബുക്ക് ചെയ്യാമെന്നും ജയകുമാർ അറിയിച്ചു.

✪✪✪

ക്രമസമാധാനച്ചുമതല വഹിക്കുന്ന ADGP പി. വിജയനെ ശബരിമല ചീഫ് പൊലീസ് കോർഡിനേറ്ററായി നിയോഗിച്ചു. തീർഥാടനകാലത്ത് ശബരിമല, പമ്പ, നിലയ്ക്കൽ അടക്കം പ്രദേശങ്ങളിലെ പൊലീസ് സേനയുടെയും തിരക്കു നിയന്ത്രണത്തിന്റെയും ചുമതലയാണ് അദ്ദേഹത്തിന് നൽകിയത്.

✪✪✪

ഇന്ന് ലോക ജനസംഖ്യാ ദിനം. അതിവേഗം വളരുന്ന ആഗോള ജനസംഖ്യയും, അതുയർത്തുന്ന വെല്ലുവിളികളും, കുടുംബാസൂത്രണത്തിന്റെ ആവശ്യകതയും സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്താൻ ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ജൂലൈ 11 ലോകജനസംഖ്യാ ദിനമായി ആചരിക്കുന്നത്.

യുവജനങ്ങളുടെ പ്രതീക്ഷകളും അഭിലാഷങ്ങളും സാക്ഷാത്കരിക്കുക- ഇന്നും,ഭാവിയിലേക്കും" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

വയനാട് കള്ളാടിയിൽ മണ്ണിടിച്ചിലുണ്ടായ സ്ഥലത്ത് പുഴയിലെ സോൺ 2 ൽ മൺതിട്ട നീക്കി തീവ്രപരിശോധന തുടരുന്നു. അൻപതംഗ സംഘമാണ് തിരച്ചിൽ നടത്തുന്നത്. മഴ മാറി നിൽക്കുന്ന സാഹചര്യത്തിൽ രക്ഷാപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ തുടരുകയാണെന്ന് മന്ത്രി T സിദ്ധീഖ് അറിയിച്ചു.

✪✪✪

തിരുവനന്തപുരം നെയ്യാറ്റിൻകര ജില്ലാ ജനറൽ ആശുപത്രിയിൽ രോഗി കുഴഞ്ഞുവീണു മരിച്ച സംഭവത്തിൽ ആരോപണവിധേയനായ സുരക്ഷാ ജീവനക്കാരനെ ജോലിയിൽ നിന്ന് മാറ്റി നിർത്തി. ബന്ധുക്കൾ പരാതി ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിലാണ് നടപടിയെന്ന് മന്ത്രി K.മുരളീധരൻ അറിയിച്ചു.

മന്ത്രിയുടെ നിർദ്ദേശപ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ നിയോഗിച്ച വിദഗ്ദ്ധ സംഘം ഇന്നലെ ആശുപത്രി സന്ദർശിച്ചു.

✪✪✪

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ രോഗി കുഴഞ്ഞു വീണു മരിച്ച സംഭവത്തിൽ ബന്ധപ്പെട്ടവരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം ജില്ലാ മെഡിക്കൽ ഓഫീസർ അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിട്ടു.

✪✪✪

കോഴിക്കോട് റയിൽവസ്റ്റേഷനിലെ തകർന്ന ക്ലോക്ക് ടവറിന്റെ ശേഷിച്ച ഭാഗങ്ങൾ പൊളിച്ചു നീക്കി. കഴിഞ്ഞ ദിവസം പെയ്ത ശക്തമായ മഴയിലാണ് കെട്ടിടം ഭാഗികമായി തകർന്നത്. ക്ലോക്ക് ടവർ ബ്രിട്ടീഷ് ഭരണകാലത്താണ് നിർമ്മിച്ചതാണ്.

✪✪✪

കോഴിക്കോട് റെയിൽവെ സ്റ്റേഷനിലെ വാച്ച് ടവറിന് സുരക്ഷാ ഭീഷണി ഉണ്ടായിട്ടും നടപടി സ്വീകരിക്കാതിരുന്നത് അനാസ്ഥയാണെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. റെയിൽവെ സുരക്ഷാ വിഷയങ്ങളിൽ ഗവൺമെന്റ് ഇടപെട്ട് അടിയന്തര പരിഹാരം കാണണമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ ആവശ്യപ്പെട്ടു.

✪✪✪

ലക്ഷദ്വീപിലെ അന്ത്രോത്ത്, കടമത്ത് ദ്വീപുകളിലെ ഗവണ്മെന്റ് കോളേജുകളിൽ ഉന്നതവിദ്യാഭ്യാസ കോഴ്സുകളിൽ മാറ്റം വരുത്തി പുതിയ കോഴ്സുകൾ അനുവദിച്ചു. ലക്ഷദ്വീപ് വിദ്യാഭ്യാസ വകുപ്പിന്റേതാണ് ഉത്തരവ്. പോണ്ടിച്ചേരി കേന്ദ്ര യൂണിവെഴ്സിറ്റിയുടെ കീഴിൽ BBA ടൂറിസം, BSc കംപ്യൂട്ടർ സയൻസ്, BSc സൈക്കോളജി, ബിവോക് ഫുഡ് പ്രോസസ്സിംഗ് പ്രിസർവേഷൻ എന്നീ പുതിയ കോഴ്സുകളാണ് അനുവദിച്ചത്.

✪✪✪

കണ്ണൂർ കൂടാളിക്കടുത്ത് കാർ മരത്തിലിടിച്ച് മരിച്ചവരുടെ പോസ്റ്റ്മോർട്ടം നടപടി തുടങ്ങി. ഇന്നലെ അർദ്ധരാത്രിയോടെയുണ്ടായ അപകടത്തിൽ കണ്ണൂർ അലവിൽ സ്വദേശി ഷാൻ, കാസർഗോഡ് കാഞ്ഞങ്ങാട് സ്വദേശി റിസ്വാൻ, ഹൈദരാബാദ് സ്വദേശി ഹർഷ്, ഉത്തർപ്രദേശ് സ്വദേശി പ്രാൺ ഛേത്രി എന്നിവരാണ് മരിച്ചത്. തൃശ്ശൂർ സ്വദേശി ആദിത്യ കൃഷ്ണ ഗുരുതരമായ പരിക്കുകളോടെ ചാലയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി തലശ്ശേരി ചിറക്കരയിൽ നിന്ന് 185 ഗ്രാം MDMA യുമായി ഒരാളെ പൊലീസ് അറസ്റ്റ് ചെയ്തു. ചിറക്കര സ്വദേശി മുഹമ്മദ് സമീൽ ആണ് പിടിയിലായത്. മയക്കുമരുന്ന്, മിഠായി കടലാസുകളിലും മറ്റും പൊതിഞ്ഞ നിലയിലായിരുന്നു സൂക്ഷിച്ചിരുന്നത്.

ഇയാളുടെ വീട്ടിൽ നടത്തിയ പരിശോധനയിൽ കൂടുതൽ MDMA കണ്ടെത്തി. അഞ്ചര ലക്ഷത്തോളം രൂപ വിലമതിക്കുന്ന ലഹരി വസ്തുക്കളാണ് പിടികൂടിയതെന്ന് പൊലീസ് അറിയിച്ചു.

വരും ദിവസങ്ങളിലും പരിശോധന ശക്തമാക്കുമെന്ന് തലശ്ശേരി ASP പറഞ്ഞു.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിലെ അടുത്ത മത്സരത്തിൽ നാളെ നോർവേ ഇംഗ്ലണ്ടിനെ നേരിടും. ഇന്ത്യൻ സമയം പുലർച്ചെ രണ്ടരയ്ക്കാണ് മത്സരം. അവസാന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ അർജന്റീന സ്വിറ്റ്സർലൻഡുമായി ഏറ്റുമുട്ടും. നാളെ രാവിലെ ആറരയ്ക്കാണ് മത്സരം.

കഴിഞ്ഞ ക്വാർട്ടറിൽ ബെൽജിയത്തെ തകർത്ത് സ്പെയിൻ സെമിയിലെത്തി. ലോസ് ഏഞ്ചൽസ് സ്റ്റേഡിയത്തിൽ ഒന്നിനെതിരെ രണ്ടു ഗോളിനായിരുന്നു സ്പെയിനിന്റെ ജയം.

ആദ്യ ക്വാർട്ടറിൽ മൊറോക്കോയെ എതിരില്ലാത്ത രണ്ട് ഗോളിന് പരാജയപ്പെടുത്തി ഫ്രാൻസും നേരത്തെ സെമിഫൈനലിൽ എത്തിയിരുന്നു.

✪✪✪

ഇന്ത്യാ- ഇംഗ്ലണ്ട് അഞ്ച് മത്സര ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം രാത്രി ഏഴിന് സതാംപ്ടണിൽ. റോസ് ബോൾ സ്റ്റേഡിയത്തിലാണ് മത്സരം. മൂന്ന് മത്സരം വിജയിച്ച ഇംഗ്ലണ്ട് നേരത്തെ പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

✪✪✪

ലണ്ടനിൽ ഇന്ന് വിംബിൾഡൺ ടെന്നീസ് വനിതാ സിംഗിൾസ് ഫൈനലിൽ ചെക്ക് റിപ്പബ്ളിക്കിന്റെ കരോലിന മുച്ചോവ, നാട്ടുകാരി ലിൻഡ നോസ്കോവയെ നേരിടും. ഇരുവരും വിംബിൾഡൺ കന്നി കിരീടം ലക്ഷ്യമിട്ടാണ് കളത്തിലിറങ്ങുന്നത്.

പുരുഷ സിംഗിൾസിൽ നിലവിലെ ചാമ്പ്യനായ ജാനിക് സിന്നർ, ഏഴ് തവണ വിംബിൾഡൺ ചാമ്പ്യനായ നൊവാക് ജോക്കോവിച്ചിനെ നേരിട്ട് സെറ്റുകൾക്ക് പരാജയപ്പെടുത്തി ഫൈനലിലെത്തി.

നാളെ സെന്റർ കോർട്ടിൽ ഫൈനലിൽ ജാനിക് സിന്നർ അലക്സാണ്ടർ സ്വെരേവിനെ നേരിടും.

✪✪✪

കേരള ക്രിക്കറ്റ് ലീഗിന്റെ താരലേലം തിരുവനന്തപുരം ആരംഭിച്ചു. ലേല നടപടികൾക്ക് നേതൃത്വം നൽകുന്നത് ചാരു ശർമ്മയാണ് ലേലപ്പട്ടികയിൽ 173 താരങ്ങളുണ്ട്.

✪✪✪

സംസ്ഥാനത്ത് ഇന്ന് മുതൽ ചൊവ്വാഴ്ച്ച വരെ മഴയുടെ ശക്തി കുറഞ്ഞേക്കും. ഇന്ന് ഒരു ജില്ലയിലും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടില്ല.

✪✪✪

കനത്ത മഴയും മണ്ണിടിച്ചിലും കാരണം മുംബൈ-പുനെ റൂട്ടിൽ ഈ മാസം 17 വരെ സെൻട്രൽ റെയിൽവേ 22 പതിവ് ട്രെയിനുകളും, എട്ട് പ്രത്യേക സർവീസുകളും റദ്ദാക്കി.

1,100-ലധികം തൊഴിലാളികളും വിദഗ്ദ്ധ സംഘങ്ങളും തകർന്ന ട്രാക്കുകൾ പുനർനിർമ്മിക്കുന്ന പ്രവൃത്തിയിലാണെന്ന് റെയിൽവേ അറിയിച്ചു.

✪✪✪

കനത്ത മഴയും മണ്ണിടിച്ചിലും കാരണം മുംബൈ-പുനെ റൂട്ടിൽ ഈ മാസം 17 വരെ സെൻട്രൽ റെയിൽവേ 22 പതിവ് ട്രെയിനുകളും, എട്ട് പ്രത്യേക സർവീസുകളും റദ്ദാക്കി. 1,100-ലധികം തൊഴിലാളികളും വിദഗ്ദ്ധ സംഘങ്ങളും തകർന്ന ട്രാക്കുകൾ പുനർനിർമ്മിക്കുന്ന പ്രവൃത്തിയിലാണെന്ന് റെയിൽവേ അറിയിച്ചു.

✪✪✪

സ്വർണ്ണവില പവന് 360 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 5,840 രൂപയായി. 13,230 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

സെൻസസ് 2027 ന്റെ ഭാഗമായി വിവരശേഖരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഈ മാസം 30 വരെ തുടരും. വീടുകളുടെ സെൻസസും പട്ടികപ്പെടുത്തലുമാണ് ഈ ഘട്ടത്തിൽ നടത്തുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ്.

✪✪✪

മലപ്പുറത്ത് അധ്യാപകന്റെ മർദ്ദനത്തിൽ വിദ്യാർഥിനിയുടെ കൈ ഒടിഞ്ഞതായി പരാതി. കല്ലിങ്ങൽ പറമ്പ് MSMHSS ലെ അഞ്ചാം ക്ലാസ്സ് വിദ്യാർഥിനിയ്ക്കാണ് പരിക്കേറ്റത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*News Team: രജിന കെ, ജാസ്മി*
*DEO: ഷീബ*